II ഇ.ബി. XII- കേരള നിയമസഭ/XV-11

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2010 ജൂലൈ 13, ചൊവ്വ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

35 (*301) **പ്രവാസി കേരളീയർക്കുള്ള ഹെറിറ്റേജ് വില്ലേജ്**

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, പ്രവാസി കേരളീയർക്കും അവരുടെ മാതാപിതാക്കൾക്കുംവേണ്ടി ഗ്രാമത്തിൽത്തന്നെ ഒരു നഗരത്തിന്റെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കി കേരളത്തനിമയും കേരള സംസ്ക്കാരവും നിലനിർത്തിക്കൊണ്ട് സ്വയംപര്യാപ്തമായ ഒരു ടൗൺഷിപ്പെന്ന നിലയിലാണ് ഹെറിറ്റേജ് വില്ലേജ് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നതെന്നും പദ്ധതി നടത്തിപ്പിനുവേണ്ടി സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ച കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ കണ്ടെത്തിയ ചിറയിൻകീഴ് താലൂക്കിലെ ഇടവ, അയിരൂർ വില്ലേജുകളിലെ ഏകദേശം 337 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് സാദ്ധ്യതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയും പദ്ധതിയെക്കുറിച്ചുള്ള ആശയം പഠിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി സാദ്ധ്യതാ പഠനം നടത്താൻ കഴിഞ്ഞ സാമ്പത്തിക വർഷം കേരള

സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന് 50 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രാഥമിക കണക്കനുസരിച്ച് ഏകദേശം 750 കോടി രൂപ ഇതിന് ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും സാദ്ധ്യതാ പഠനം നടത്തിയതിനുശേഷം കൃത്യമായ ധനസമാഹരണത്തെപ്പറ്റി തീരുമാനിക്കുന്നതാണെന്നും ഗവൺമെന്റിന്റേയും പ്രവാസികളുടേയും മൂലധനം പ്രതീക്ഷിക്കുന്നുണ്ടെന്നും കേന്ദ്രസഹായം തേടുന്നതിനുള്ള ശ്രമം നടത്തുന്നതാണെന്നും നോർക്ക-റൂട്ട്സ് കമ്പനിയുടെ ബോർഡ് മീറ്റിംഗിൽ അവതരിപ്പിച്ച് പദ്ധതിയെക്കുറിച്ച് പ്രവാസികളുടെ അഭിപ്രായം അറിയുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഹെറിറ്റേജ് വില്ലേജ് പദ്ധതിയിൽ വിദേശ രാജ്യങ്ങളിൽ താമസിച്ചിരുന്നവരുടെ കുട്ടികളുടെ പഠനവും വന്ദ്യവയോധികരായ മാതാപിതാക്കളുടെ സംരക്ഷണവും മലയാള ഭാഷയും മറ്റ് ഭാഷകളും പഠിപ്പിക്കുന്നതിനാവശ്യമായ സൗകര്യവും വിഭാവനം ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ വിദേശ മലയാളികളെ ആകർഷിക്കാനുള്ള പദ്ധതികളെ സംബന്ധിച്ച് നോർക്ക-റൂട്ട്സ് ബോർഡ് യോഗം വിശദമായി ചർച്ച ചെയ്തിട്ടുണ്ടെന്നും ഈ പദ്ധതിയിൽ നഗരവൽക്കരണത്തിന്റെ ദോഷഫലങ്ങൾ ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുമെന്നും മറ്റ് ജില്ലകളിൽക്കൂടി ഹെറിറ്റേജ് വില്ലേജ് ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു. ഏകദേശം 20 ലക്ഷത്തോളം മലയാളികൾ ഗൾഫ് നാടുകളിലും 10 ലക്ഷത്തിൽപ്പരം മലയാളികൾ വിദേശ രാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലുമായി അധിവസിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നതെന്നും ഗൾഫ് നാടുകളിൽ നിന്നും സമ്പാദ്യമൊന്നുമില്ലാതെ തിരിച്ചെത്തുന്ന തൊഴിൽരഹിതരായവരുടെ കാര്യവും തൊഴിലൊന്നും ചെയ്യാൻ

കഴിയാത്ത വയോധികരുടെ കാര്യവും പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്ന കാര്യവും നോർക്ക-റൂട്ട്സ് ബോർഡുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതാണെന്നും ജയിലിലിലടയ്ക്കപ്പെട്ട പ്രവാസി മലയാളികളെ മോചിപ്പിക്കുന്നതിനും അർഹമായ തൊഴിൽ നൽകുന്നതിനും നടപടിയെടുക്കുന്നുണ്ടെന്നും ഇ.എം.എസ്. ഭവന പദ്ധതിയിൽ വിദേശ മലയാളികളെ ഉൾപ്പെടുത്താതിരിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി സഭയെ അറിയിച്ചു.

36 (*302) <u>വരയാടുകളുടെ സംരക്ഷണ പദ്ധതി</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, കേന്ദ്ര വന്യമൃഗ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയ വരയാടുകളെ സംരക്ഷിക്കുന്നതിന് ഇരവികുളം ദേശീയോദ്യാനമായി പ്രഖ്യാപിക്കുകയും അവിടെയുള്ള പുൽമേടുകളുടേയും ചോലക്കാടുകളുടേയും പരിപാലനം, കർശനമായ സംരക്ഷണം, പ്രജനനകാലത്തെ സംബന്ധിച്ച നിയന്ത്രണം, വാർഷിക സെൻസസ്, ബോധവൽക്കരണ പരിപാടികൾ എന്നിവ യഥാവിധി നടത്തിവരുന്നുണ്ടെന്നും ഇരവികുളത്തെ കൂടാതെ റാന്നി, മണ്ണാർക്കാട്, നിലമ്പൂർ സൗത്ത് എന്നീ വനം ഡിവിഷനിലെ ചില ഉയർന്ന പ്രദേശങ്ങളിൽ കാണപ്പെടുന്ന വരയാടുകളുടെ ചെറിയ കൂട്ടങ്ങളെ സംരക്ഷിക്കാനും ആവശ്യമായ ചർച്ചകൾ നടത്തി വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. 2010-ൽ നടത്തിയ സെൻസസ് പ്രകാരം ഇരവികുളത്ത് 776 വരയാടുകളും 2002-ൽ നടത്തിയ സെൻസസ് പ്രകാരം മറ്റ് പ്രദേശങ്ങളിലായി

302 വരയാടുകളും ഉള്ളതായി കണക്കാക്കപ്പെടുന്നുണ്ട്. വരയാടുകളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ച് ധനസഹായം ലഭ്യമാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം വരയാടിന്റെ ഏറ്റവും വലിയ സഞ്ചയം നിലനിർത്തുന്നതിനും ഉയർന്ന മലനിരകളിലെ സുപ്രധാന ആവാസ വ്യവസ്ഥകളായ ചോലവനങ്ങളേയും പുൽമേടുക ളേയും അവയിലെ അപൂർവ്വ സസ്യജന്തുജാലങ്ങളേയും സംരക്ഷിക്കു ന്നതിനും ചാലക്കുടി പുഴ, ഇടമലയാർ, പാമ്പാർ തുടങ്ങിയ നദികളിലേയ്ക്കു ള്ള നീരൊഴുക്ക് നിലനിർത്തുന്നതിനും ഇക്കോ ടൂറിസം പദ്ധതി വഴി മാനുഷിക സമൂഹത്തിന് തൊഴിലവസരവും ജീവനോപാധികളും ലഭ്യമാക്കു ന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇരവികുളം ദേശീയോദ്യാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ വഴി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന് 87.16 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. വരയാടുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പശ്ചിമഘട്ട മലനിരകളിലെ അപൂർവ്വമായ ജൈവ വൈവിദ്ധ്യത്തേയും ആവാസ വ്യവ സ്ഥയേയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെ ന്നും ലോകത്തിലെ തന്നെ ഒരു ബയോ ഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ട് എന്ന നിലയിൽ പശ്ചിമഘട്ട മലനിരകൾ കേന്ദ്രമാക്കി കേന്ദ്രത്തിന്റെ സഹായ ത്തോടുകൂടി ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതാണെന്നും വരയാടുകൾക്കു പുറമെ മറ്റ് പക്ഷി-മൃഗാദികൾക്കും വംശനാശം നേരിടുന്നുണ്ടെന്നും ബയോ ഡൈവേഴ്സിറ്റി ലിങ്കേജ് ഉണ്ടാക്കുന്നതിന് ഇരവികുളം നാഷണൽ പാർക്കിലു ണ്ടാക്കിയിട്ടുള്ള സംവിധാനം വ്യാപിപ്പിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. വനങ്ങൾക്കുള്ളിൽ മൃഗങ്ങൾക്കാവശ്യമായ ജലമെത്തിക്കുന്നതിന് 50 തടയണ കൾ പണിയാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ചേലക്കരയിൽ അതിന്റെ പണി ആരംഭിച്ചിട്ടുണ്ടെന്നും വനത്തിലെ ആവാസ വ്യവസ്ഥയിലുണ്ടാകുന്ന

മാറ്റങ്ങൾ മനുഷ്യനേയും ബാധിക്കുമെന്നുള്ളതുകൊണ്ട് അതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതാണെന്നും പുലിത്തോൽ, പാമ്പിൻ വിഷം, വെള്ളിമൂങ്ങ, നക്ഷത്ര ആമ തുടങ്ങിയവയുടെ കളളക്കടത്ത് നടത്തു ന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടെന്നും തൃശ്ശൂരിലെ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ കേന്ദ്രഗ വൺമെന്റിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപ ടിയായി സഭയെ മന്ത്രി അറിയിച്ചു.

37(*303) <u>റസ്റ്റ് ഹൗസുകൾ</u>

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, തിരുവല്ല റസ്റ്റ് ഹൗസിലെ VIP മുറി, തൊടുപുഴ റസ്റ്റ് ഹൗസിലെ പുതിയ ബ്ലോക്ക്, ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ്, കൊല്ലം റസ്റ്റ് ഹൗസ് അനക്സ് ബിൽഡിംഗ് എന്നിവയുടെ നവീകരണം പൂർത്തിയാക്കിയി ട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നവീകരണത്തോടനുബന്ധിച്ച് നിലവിലുള്ള കെട്ടിടങ്ങളിലെ മുറികൾ പൂർണ്ണ മായും നവീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അവ നിലനിൽക്കുന്ന സ്ഥലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ചിലയിടങ്ങളിൽ കൂടുതൽ നിലകൾ പണിത് സൗകര്യം വർദ്ധിപ്പിക്കുന്നതിനും സ്ഥലലഭ്യത അനുസരിച്ച് പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും വി.ഐ.പി. മുറിക ളിൽ എയർ കണ്ടീഷണിംഗ്, ടി.വി. മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനും നടപടികളെടുത്തുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ചേലക്കര, കടുത്തുരുത്തി എന്നീ പുതിയ റസ്റ്റ് ഹൗസുകളുടെ നിർമ്മാണം നടന്നു വരികയും നെടുമങ്ങാട്, കരുനാഗപ്പള്ളി, ആറന്മുള സത്രം, കോതമംഗലം,

ചങ്ങനാശ്ശേരി എന്നീ റസ്റ്റ് ഹൗസുകളിൽ പുതിയ ബ്ലോക്കുകൾ പണിയുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലുമാണ്. ഓരോ റസ്റ്റ് ഹൗസിനോടും അനുബന്ധിച്ചുള്ള സ്ഥലം റസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമായി ഉപയോഗിച്ചുവരുന്നുണ്ടെന്നും കേരളത്തിലെ റസ്റ്റ് ഹൗസുകൾ മെച്ചപ്പെടുത്തുന്നതിനെയും റസ്റ്റ് ഹൗസുകളോടനുബന്ധിച്ചുള്ള ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതിനെയും സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. 18-07-2010-ന് വിളിച്ചുകൂട്ടുന്ന റസ്റ്റ്ഹൗസ് മാനേജർമാരുടെ യോഗത്തിൽ റസ്റ്റ് ഹൗസുകളുടെ നവീകരണം സംബന്ധിച്ച് നടക്കുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള പഴയ കെട്ടിടങ്ങൾ നവീകരണത്തിന്റെ പേരിൽ പൊളിച്ചുമാറ്റുകയില്ലെന്നും ടൂറിസം മേഖലയിലുള്ള റസ്റ്റ് ഹൗസുകൾക്കാണ് മുൻഗണന നൽകുന്നതെന്നും കെ.ടി.ഡി.സി-യുമായി സഹകരിച്ച് വാണിജ്യാടിസ്ഥാനത്തിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ റസ്റ്റ് ഹൗസുകൾ നവീകരിച്ച് കുറഞ്ഞ വാടക നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുന്നതാണെന്നും ഭരണങ്ങാനത്ത് ഗസ്റ്റ് ഹൗസ് ആരംഭിക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. സ്വകാര്യ വ്യക്തികൾക്ക് കൊടുത്തിരുന്ന റസ്റ്റ് ഹൗസുകൾ തിരിച്ചെടുക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാടെന്നും കുറ്റാലം റസ്റ്റ് ഹൗസ് ഏറ്റെടുത്ത് കെ.ടി.ഡി.സി-യുമായി ചേർന്ന് സംയുക്ത സംരംഭമായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും കോട്ടയം റസ്റ്റ് ഹൗസ് എത്രയും പെട്ടെന്ന് നവീകരിക്കുന്ന

താണെന്നും ചാലക്കുടി റസ്റ്റ് ഹൗസിനോടനുബന്ധിച്ച് ഒരു അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്ന കാര്യവും കട്ടപ്പന റസ്റ്റ് ഹൗസ് നവീകരിക്കുന്ന കാര്യവും പരിശോധിക്കാവുന്നതാണെന്നും മൂവാറ്റുപുഴ റസ്റ്റ് ഹൗസിൽ പ്രവർത്തിക്കുന്ന കെ.എസ്.ടി.പി-യുടെ ഡിവിഷൻ ഓഫീസ് ഒഴിവാക്കുന്ന തിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2888 മുതൽ 3181 വരെയുള്ള ചോദ്യങ്ങളിൽ 147 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)